# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 705 — 24.01.2018- ൽ മറുപടിയ്ക്ക്

## കോട്ടക്കൽ സഹകരണ ആശുപത്രി

| ചോദ്യം | | മറുപടി |
|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കോട്ടക്കൽ സഹകരണ ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ നിരസിക്കുവാൻ പറയുന്ന കാരണങ്ങൾ സഹകരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ കോട്ടക്കൽ വില്ലേജിൽ 311/6, 310/1,2,3,4 309/1 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1 ഏക്കർ 86.43 സെന്റ് നിലം പരിവർത്തനപ്പെടുത്തി കോട്ടയ്ക്കൽ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിനായുള്ള അപേക്ഷ സർക്കാരിൽ കൃഷി വകുപ്പ് പരിശോധിക്കുകയും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ ഭൂമി എല്ലാക്കാലത്തേയ്ക്കും സംരക്ഷിക്കപ്പെടേണ്ടതും പരിരക്ഷിക്കപ്പെടേണ്ടതുമായതിനാൽ അപേക്ഷയിലെ ആവശ്യം 14/11/2016 ലെ സ.ഉ.(ആർ.റ്റി) നം. 957/2016/കൃഷി പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം സഹകരണ വകുപ്പ് പരിശോധിച്ചിട്ടില്ല. |
| ബി) ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭിക്കുന്ന ഇത്തരം സംരംഭങ്ങളെ, പൊതു ആവശ്യങ്ങൾ എന്ന വിഭാഗത്തിൽപ്പെട്ടുത്തുവാൻ ആവശ്യമായ പ്രൊപ്പോസൽ നൽകുവാൻ സഹകരണ രജിസ്ട്രാർ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) ഇതിനായി, സഹകരണ രജിസ്ട്രാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ